പക്ഷിപ്പനി

198 (3174) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് മേഖലയിൽ H5N1 ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി) പടർന്നു പിടിച്ചതുമൂലം എത്ര താറാവ് കർഷകർക്ക് എത്ര യുക വീതം നഷ്ട പരിഹാരം അനുവദിച്ചുവെന്ന് വിശദമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) പക്ഷിപ്പനിയുടെ പ്രതിരോധ/സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും, ബോധവത്കരണത്തിനും എത്ര യുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 328 കർഷകർക്കായി 4,19,36,350 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പക്ഷിപ്പനിയുടെ പ്രതിരോധ/സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനുമായി സംസ്ഥാനത്താകെ നാളിതുവരെ 1,05,72,639 രൂപ ചെലവഴിച്ചിട്ടുണ്ട്.

പക്ഷിപ്പനി

199 (3175) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പക്ഷിപ്പനി തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പക്ഷിപ്പനി, വായുമാർഗ്ഗം പകരാവുന്ന രോഗമായതിനാൽ ദേശാടനപ്പക്ഷികൾ ധാരാളമായി കേരളത്തിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ പക്ഷിപ്പനി പൂർണ്ണമായി തടയുക അപ്രായോഗികമാണ്. എന്നാൽ ദേശാടനപ്പക്ഷികൾ സ്ഥിരമായി വരുന്ന സ്ഥലങ്ങളിൽ അവയെ നിരീക്ഷിക്കുവാനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രോഗം കാലേക്കൂട്ടി കണ്ടെത്തിയാൽ ആയത് പടർന്നുപിടിക്കാതിരിക്കുവാനുള്ള നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിന് സാധിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly